ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയോടെ പതിനെട്ടാം ലോക്‌സഭയുടെ ആദ്യ സമ്മേളനത്തിന് തുടക്കമായി. ലോക്സഭാ സ്പീക്കർ തിരഞ്ഞെടുപ്പ് ബുധനാഴ്ച .

   **The first session of the 18th Lok Sabha began with the swearing in of the newly elected members. Lok Sabha Speaker election on Wednesday.**

2) നീറ്റ്-യുജി ചോദ്യപേപ്പർ ചോർച്ചയിൽ സിബിഐ അന്വേഷണം ആരംഭിച്ചു.

   **CBI initiates probe into NEET-UG question paper leak.**

3) മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിൻ്റെ ഹർജി സുപ്രീം കോടതി ബുധനാഴ്ച പരിഗണിക്കും.

   **The Supreme Court will hear Delhi Chief Minister Arvind Kejriwal's plea in the liquor policy scam case on Wednesday.**

4) കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത. എറണാകുളം ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

   **Chance of heavy rain in Kerala . Orange alert today in Ernakulam district.**

5) ട്വൻറി -20 ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 ൽ ഇന്ത്യ - ഓസ്ട്രേലിയ പോരാട്ടം അൽപ്പസമയത്തിനകം .

   **India vs Australia match in T20 World Cup Cricket Super 8 shortly.**

&&&&&&&&&&&&&&&&&&&

## PARL SESSION-INTRO

പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയോടെ പതിനെട്ടാം ലോക്സഭയുടെ ആദ്യ സമ്മേളനത്തിന് ഇന്ന് തുടക്കമായി. സമ്മേളനത്തിന് മുന്നോടിയായി , രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ പ്രോടെം സ്പീക്കർ ഭർതൃഹരി മഹ്താബിന് രാഷ്ട്രപതി ദ്രൗപദി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു . തുടർന്ന് പ്രോടെം സ്പീക്കർ പുതുതായി തിരഞ്ഞെടുക്കപ്പെട്ട സഭാംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്ക് നേതൃത്വം നൽകി.

വിശദാംശങ്ങളിലേക്ക്........

(വോയിസ്)

&&&&&&&&&&&&&&&&&&&

## PARL SESSION-VOICE

പ്രോടെം സ്പീക്കർ ആദ്യം സത്യവാചകം ചൊല്ലി കൊടുത്തത് ലോക്സഭാ നേതാവ് കൂടിയായ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്കാണ് . ബിജെപി എംപിമാരായ രാധാമോഹൻ സിംഗ്, ഫഗ്ഗൻ സിംഗ് കുലസ്തെ എന്നിവർ ചെയർപേഴ്സൺ പാനലിൽ സത്യപ്രതിജ്ഞ ചെയ്തു. എന്നാൽ, കോൺഗ്രസ് എംപി കെ സുരേഷ്, ഡിഎംകെ എംപി ടി ആർ ബാലു, ടിഎംസിയിലെ സുദീപ് ബന്ദ്യോപാധ്യായ എന്നിവർ സമിതി അംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്യുന്നതിൽ നിന്ന് വിട്ടുനിന്നു. പിന്നീട്

കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, നിതിൻ ഗഡ്കരി, ശിവരാജ് സിംഗ് ചൗഹാൻ, മനോഹർ ലാൽ, പിയൂഷ് ഗോയൽ, ജിതൻറാം മാഞ്ചി, രാജീവ് രഞ്ജൻ, വീരേന്ദ്ര കുമാർ, കിരൺ റിജിജു, ചിരാഗ് പാസ്വാൻ, ജ്യോതിരാദിത്യ സിന്ധ്യ, അന്നപൂർണാ ദേവി, തുടങ്ങിയവർ ലോക്സഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു. കേന്ദ്രമന്ത്രിമാരായ എച്ച്ഡി കുമാരസ്വാമിയും പ്രഹ്ലാദ് ജോഷിയും കന്നഡയിലും ധർമേന്ദ്ര പ്രധാനും ജുവൽ ഓറമും ഒഡിയ ഭാഷയിലും സത്യപ്രതിജ്ഞ ചെയ്തു. കേന്ദ്രമന്ത്രിമാരായ സർബാനന്ദ സോനോവാൾ അസമീസിലും കെ റാം മോഹൻ നായിഡു, ജി കിഷൻ റെഡ്ഡി എന്നിവർ തെലുങ്കിലും സത്യപ്രതിജ്ഞ ചെയ്തു. സി ആർ പാട്ടീൽ ഗുജറാത്തിയിൽ സത്യപ്രതിജ്ഞ ചെയ്തപ്പോൾ പ്രതാപറാവു ജാദവ് മറാത്തിയിലും ജിതേന്ദ്ര സിംഗ് ഡോഗ്രിയിലും സത്യവാചകം ചൊല്ലി. സുരേഷ് ഗോപി മലയാളത്തിലും ,സുകാന്ത മജുംദാർ ബംഗാളിയിലും സത്യപ്രതിജ്ഞ ചെയ്തു. അതേസമയം ദുർഗാദാസ് സംസ്കൃതത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്. സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും അക്ഷരമാലാ ക്രമപ്രകാരമാണ് എം പിമാർ സത്യപ്രതിജ്ഞ ചെയ്തത്.പുതിയ ലോക്സഭാ സ്പീക്കറുടെ തിരഞ്ഞെടുപ്പ് ബുധനാഴ്ച നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ വ്യാഴാഴ്ച അഭിസംബോധന ചെയ്യും . വ്യാഴാഴ്ച രാജ്യസഭ സമ്മേളനത്തിനും തുടക്കമാകും.

അടുത്ത മാസം മൂന്നുവരെയാണ് പാർലമെന്റ് ചേരുന്നത്. ന്യൂസ് ഡസ്ക്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## PM PARL SESSION

ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രദിനമാണിതെന്നും രാജ്യത്തെ നയിക്കാൻ എല്ലാവരുടെയും പിന്തുണ വേണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. പാർലമെന്റിനു പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇത്തവണ ലോക് സഭയിൽ യുവജനങ്ങളുടെ സാന്നിദ്ധ്യം വർദ്ധിച്ചിട്ടുണ്ടെന്നും വളരെ മികച്ച പ്രവണതയാണിതെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## RIJIJU-PARLIEMENT

18-ാാം ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളെയും കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു സ്വാഗതം ചെയ്യു. അംഗങ്ങൾക്ക് തന്റെ പൂർണ്ണ പിന്തുണ ഉറപ്പു നൽകുന്നതായി കേന്ദ്രമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. പാർലമെന്റിന്റെ മികച്ച പ്രവർത്തങ്ങൾക്കായി എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നതായും ശ്രീ റിജിജു പറഞ്ഞു.

&&&&&&&&&&&&&&&&&&

## CONGRESS-PM PARLIAMENT

നീറ്റ് പരീക്ഷ, പശ്ചിമ ബംഗാളിൽ അടുത്തിടെയുണ്ടായ റെയിൽ അപകടം, വിലക്കയറ്റം തുടങ്ങിയ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിനെ വിമർശിച്ച് കോൺഗ്രസ്. ഈ വിഷയങ്ങളിൽ സർക്കാർ മൗനം പാലിക്കുകയാണെന്ന് പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. കേന്ദ്ര സർക്കാർ ഭരണഘടനയെ അട്ടിമറിക്കുകയാണെന്നും അതിനാലാണ് പാർലമെൻ്റ് സമ്മേളനത്തിൻ്റെ ആദ്യ ദിവസമായ ഇന്ന് പ്രതിപക്ഷ എംപിമാർ ഭരണഘടനയുടെ പകർപ്പുകൾ കയ്യിൽ കരുതിയതെന്നും കോൺഗ്രസ് പാർട്ടി എംപി രാഹുൽ ഗാന്ധി പാർലമെൻ്റിന് പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## NEET-UG-CBI FIR

നീറ്റ്-യുജി ചോദ്യപേപ്പർ ചോർച്ചയിൽ സിബിഐ അന്വേഷണം ആരംഭിച്ചു. വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ പരാതിയിലാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തതെന്ന് സിബിഐ വൃത്തങ്ങൾ അറിയിച്ചു. കേസ് അന്വേഷിക്കാൻ സിബിഐ പ്രത്യേക സംഘത്തിന് രൂപം നൽകി.

&&&&&&&&&&&&&&&&&&

## CBI - GUJ/ BIHAR / MAHA-NEET PAPER LEAK CASE

ഗുജറാത്തിൽ, ഗോധ്രയിലെ നീറ്റ് പരീക്ഷാ കേന്ദ്രത്തിൽ നടന്ന ക്രമക്കേട് അന്വേഷിക്കാൻ സിബിഐ സംഘങ്ങൾ

പ്രദേശത്ത് എത്തി .ഗോധ്രയിലെ പരീക്ഷാ കേന്ദ്രത്തിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് മെയ് 5 ന് പരീക്ഷ കഴിഞ്ഞ് മൂന്ന് ദിവസത്തിന് ശേഷം, എഫ്ഐആർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രമക്കേടിന് കൂട്ടുനിന്നതായി ആരോപിക്കപ്പെടുന്ന അഞ്ച് പ്രതികളെ ഇതുവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

അതേസമയം ബിഹാറിലെ ഹസാരിബാഗിലെ നീറ്റ് യുജി പരീക്ഷാ കേന്ദ്രത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതായി സാമ്പത്തിക കുറ്റാന്വേഷണ യൂണിറ്റ് അറിയിച്ചു. നീറ്റ് പരീക്ഷ ചോദ്യ പേപ്പർ ചോർച്ച കേസിൽ മഹാരാഷ്ട്രയിലെ ലാത്തൂരിൽ സ്കൂൾ അധ്യാപകരായ സഞ്ജയ് തുക്കാറാം ജാദവ്, ജലീൽ ഉമർ ഖാൻ പത്താൻ എന്നിവരെ ഇന്നലെ അറസ്റ്റ് ചെയ്തു. പബ്ലിക് എക്സാമിനേഷൻസ് പ്രിവൻഷൻ ഓഫ് അൺഫെയർ മീൻസ് ആക്ട് 2024,പ്രകാരമാണ് കേസെടുത്തിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## SC-KEJRIWAL

മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിൻ്റെ ഹർജി സുപ്രീം കോടതി ബുധനാഴ്ച പരിഗണിക്കും. കേസിൽ ജാമ്യം അനുവദിച്ച വിചാരണക്കോടതിയുടെ ഉത്തരവ് സ്റ്റേ ചെയ്ത ഹൈക്കോടതി ഉത്തരവിനെതിരെ കെജ്രിവാൾ നൽകിയ അപ്പീലിൽ ജസ്റ്റിസുമാരായ മനോജ് മിശ്ര,

എസ്.വി.എൻ.ഭാട്ടി എന്നിവരടങ്ങിയ ബെഞ്ച് വാദം കേട്ടതിനെ തുടർന്നാണ് ബുധനാഴ്ച്ചത്തേക്ക് മാറ്റിയത് .

&&&&&&&&&&&&&&&&&&

## WHEAT - STOCK LIMITS

ഭക്ഷ്യ സുരക്ഷയും വില സ്ഥിരതയും ഉറപ്പുവരുത്തുന്നതിനും പൂഴ്ത്തിവയ്പ്പും ഊഹക്കച്ചവടവും തടയുന്നതിനുമായി എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഗോതമ്പ് സംഭരണത്തിന് പരിധി ഏർപ്പെടുത്തി കേന്ദ്രം .2025 മാർച്ച് വരെയാണ് കേന്ദ്രം പരിധി ഏർപ്പെടുത്തിയത് . വ്യാപാരികൾക്കും മൊത്തക്കച്ചവടക്കാർക്കും മൂവായിരം ടണ്ണും ചെറുകിട വ്യാപാരികൾക്ക് 10 ടണ്ണും ആയിരിക്കും ഗോതമ്പിൻ്റെ സ്റ്റോക്ക് പരിധി എന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറി സഞ്ജീവ് ചോപ്ര ന്യൂഡൽഹിയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## T-20 WORLD CUP

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സൂപ്പർ 8 ൽ , ഇന്ത്യ അൽപ്പസമയത്തിനകം ഓസ്ട്രേലിയയെ നേരിടും. സെമി ഫൈനലിലേക്ക് മുന്നേറണമെങ്കിൽ ഇന്ത്യക്ക് ഇന്നത്തെ മത്സരം ജയിക്കണം. രാവിലെ വെസ്റ്റ് ഇൻഡീസിനെതിരെ നടന്ന മത്സരത്തിൽ ദക്ഷിണാഫ്രിക്ക മൂന്ന് വിക്കറ്റിന് വിജയിച്ചു. ജയത്തോടെ ദക്ഷിണാഫ്രിക്ക സെമിഫൈനലിലേക്ക് യോഗ്യത നേടി.

&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത. എറണാകുളം ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. വ്യാഴാഴ്ച വരെ കേരളം, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തതിന് വിലക്ക് ഏർപ്പെടുത്തി. കേരളതീരത്ത് ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ പൊതുജനങ്ങളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

## KERALA NIYAMASABHA

മുതലപ്പൊഴി വിഷയത്തിലെ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. മുതലപ്പൊഴിയിൽ വള്ളം മറിഞ്ഞ് അപകടത്തിൽപ്പെട്ട് മത്സ്യത്തൊഴിലാളികൾ മരിക്കുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്തുനിന്ന് എം വിൻസെന്റ് ആണ് അടിയന്തര പ്രമേയ അവതരണത്തിന് അനുമതി തേടിയത്. മുതലപ്പൊഴിയിൽ അപകടം ഒഴിവാക്കുന്നതിനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചതായി മന്ത്രി സജി ചെറിയാൻ മറുപടി

നൽകിയതിനെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.

&&&&&&&&&&&&&&&&&&

## SOUTH KOREA- FIRE

ദക്ഷിണ കൊറിയയിൽ ലിഥിയം ബാറ്ററി നിർമാണ പ്ലാൻ്റിലുണ്ടായ തീപിടിതത്തിൽ ഇരുപതോളം മൃതദേഹങ്ങൾ കണ്ടെത്തി. ചൈനീസ് പൗരന്മാരടക്കം 23 പേരെ കാണാതായതായും അധികൃതർ അറിയിച്ചു.ഏകദേശം 67 പേർ ഫാക്ടറിയിൽ ജോലി ചെയ്തിരുന്നതായി റിപ്പോർട്ടുണ്ട്.

&&&&&&&&&&&&&&&&&&

## JAISHANKAR-UAE-VISIT

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ യുഎ ഇ ൽ ഔദ്യോഗിക സന്ദർശനം നടത്തി. സന്ദർശനത്തിനിടെ യു.എ.ഇ വിദേശകാര്യ മന്ത്രിയുമായും ശ്രീ ജയ്ശങ്കർ ചർച്ച നടത്തി. വാണിജ്യം, സാമ്പത്തിക സഹകരണം, ഫിൻടെക്, വിദ്യാഭ്യാസം, സംസ്കാരം, ജനങ്ങളുമായുള്ള ബന്ധം തുടങ്ങി വിവിധ മേഖലകളിലെ തന്ത്രപരമായ പങ്കാളിത്തം ഇരു നേതാക്കളും വിലയിരുത്തി.

&&&&&&&&&&&&&&&&&&

## NADDA KHARGE LETTER

തമിഴ്നാട് കള്ളകുറിച്ചി വിഷ മദ്യ ദുരന്തത്തിലെ മരണങ്ങൾ ചൂണ്ടിക്കാട്ടി കേന്ദ്രമന്ത്രിയും ബിജെപി ദേശീയ അധ്യക്ഷനുമായ ജെ പി നദ്ദ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെക്ക് കത്തയച്ചു. വിഷയത്തിൽ കോൺഗ്രസ് മൗനം പാലിക്കുകയാണെന്ന് ശ്രീ നദ്ദ കത്തിൽ ആരോപിച്ചു. സിബിഐ അന്വേഷണത്തിന് തമിഴ്നാട് ഭരണകക്ഷിയായ ഡിഎംകെയിൽ സമ്മർദ്ദം ചെലുത്തണമെന്നും തമിഴ്നാട് മന്ത്രി എസ്. മുത്തുസാമിയെ സംസ്ഥാന മന്ത്രിസഭയിൽ നിന്ന് ഉടൻ പുറത്താക്കണമെന്നും കേന്ദ്രമന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## TN-FISHERMEN STRIKE

സമുദ്രാതിർത്തി ലംഘിച്ചതിന് ശ്രീലങ്കൻ നാവികസേനയുടെ പിടിയിലായ ഇരുപത്തിരണ്ട് മത്സ്യത്തൊഴിലാളികളെ വിട്ടയക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് രാമേശ്വരത്ത് മത്സ്യത്തൊഴിലാളികൾ പണിമുടക്കിലേർപ്പെട്ടു. ശനിയാഴ്ചയാണ് മത്സ്യബന്ധനത്തിന് പോയ മൂന്ന് ബോട്ടുകൾ ശ്രീലങ്കൻ നാവികസേന പിടിച്ചെടുത്തത്. ഇന്ത്യൻ മത്സ്യത്തൊഴിലാളികളുടെ മോചനത്തിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് തമിഴ്നാട് മുഖ്യമന്ത്രിയും മറ്റ് രാഷ്ട്രീയ നേതാക്കളും കേന്ദ്രത്തോട് അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## DELHI- WATER CRISIS

ഡൽഹിയിൽ പല ഭാഗങ്ങളിലും ജലക്ഷാമം രൂക്ഷമായി തുടരുന്നു . ഡൽഹി മന്ത്രിമാരായ ഗോപാൽ റായ് , സൗരഭ് ഭരദ്വാജ്, കൈലാഷ് ഗഹ്ലോട്ട്, ഇമ്രാൻ ഹുസൈൻ എന്നിവർ ഹരിയാനയിൽ നിന്ന് പ്രതിദിനം 100 ദശലക്ഷം ഗ്യാലൻ വെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു. ജലക്ഷാമം പരിഹരിക്കാൻ ഹരിയാന സർക്കാരിൽ നിന്ന് അധിക ജലം ആവശ്യപ്പെട്ട് ഡൽഹി ജലമന്ത്രി അതിഷി അനിശ്ചിതകാല നിരാഹാര സമരത്തിലാണ്. അതേസമയം യമുനാ നദിയിൽ നിന്ന് നേരിട്ട് വെള്ളം വരുന്നില്ലെന്നും വസീറാബാദ് വാട്ടർ ട്രീറ്റ്മെൻ്റ് പ്ലാൻ്റിന്റെ 95 ശതമാനവും ചെളി നിറഞ്ഞിരിക്കുന്നതിനാൽ വെള്ളത്തിൻ്റെ ഒഴുക്ക് തടസ്സപ്പെടുന്നുവെന്നും ഡൽഹി ബിജെപി അധ്യക്ഷൻ വീരേന്ദ്ര സച്ച്ദേവ മാധ്യമങ്ങളോട് പറഞ്ഞു .

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&